## നിങ്ങൾ ഈ ഗ്രന്ഥം വായിച്ചിട്ടുണ്ടോ?

ആദ്യം ആട്ടിടയനും പിന്നെ കച്ചവടക്കാരനുമായിരുന്ന ഒരു മനുഷ്യൻ. അയാൾക്ക് എഴുത്തും വായനയും സിദ്ധിച്ചിട്ടില്ല. നാൽപത് വയസ്സുവരെ യാതൊരു സാഹിത്യാഭിരുചിയും അദ്ദേഹം പ്രകടിപ്പിട്ടില്ല. അദ്ദേഹം നാൽപത് വയസ്സായപ്പോൾ സുന്ദരമായ പദങ്ങൾ പറയുന്നു. ഗദ്യവും പദ്യവുമല്ലാത്ത ശൈലിയിൽ ആരെയും വിസ്മയിപ്പിക്കുന്ന സന്ദേശങ്ങൾ മൊഴിയുന്നു. അതുവരെ നിയമഗ്രന്ഥങ്ങൾ കണ്ടിട്ടില്ലാത്ത അദ്ദേഹത്തിൻെറ മൊഴികളിൽ അതുല്യമായ നിയമനിർദേശങ്ങളുണ്ട്. വേദം പഠിച്ചിട്ടില്ലാത്ത അദ്ദേഹത്തിൻെറ പദങ്ങളിൽ ധാർമിക നിയമങ്ങളുണ്ട്. ചരിത്രം മനസ്സിലാക്കിയിട്ടില്ലാത്ത അദ്ദേഹത്തിൻെറ വാക്കുകളിൽ മുൻകാല ചരിത്രങ്ങളുണ്ട്.

നമ്മളെന്തു മനസ്സിലാക്കണം. ഈ ഗ്രന്ഥം അദ്ദേഹത്തിൻെറ സൃഷ്ടിയാണെന്നോ? അതല്ല, സാഹിത്യവും ശാസ്ത്രവും നിയമവും ചരിത്രവുമെല്ലാം അറിയുന്ന മറ്റാരോ എഴുതിക്കൊടുത്തതാണെന്നോ? ഗ്രന്ഥമായി നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ട വ്യക്തി പറയുന്നു: 'ഇത് ഞാനെഴുതിയതല്ല ; എല്ലാവിധ വിജ്ഞാനീയങ്ങളിലും അഗാധമായ ജ്ഞാനമുള്ള ഒരുവൻ എനിക്ക് തന്നതാണ്'.

ആ മനുഷ്യൻ ഇതുവരെ കളവ് പറഞ്ഞതായി ആരും



കേട്ടിട്ടില്ല. പിന്നെ, നമുക്ക് ഈ പദങ്ങൾ വിശ്വസിച്ചുകൂടെ? നമ്മുടെയെല്ലാം അന്തരംഗം മന്ത്രിക്കുന്നു. 'തീർച്ചയായും നമുക്ക് അദ്ദേഹത്തിൻെറ പദങ്ങൾ വിശ്വസിക്കാം'. ഇനി നമുക്ക് ചോദിക്കാം, ഏതാണീ ഗ്രന്ഥം? ആരാണ് അത് ലോകത്തിനു മുമ്പിൽ അവതരിപ്പിച്ചത്? അത് ആരുടേതാണെന്നാണ് അദ്ദേഹം പറഞ്ഞത്? ആ ഗ്രന്ഥം ഖുർആനാകുന്നു. മുഹമ്മദ് നബി(സ)യാണ് അത് ലോകത്തിനുമുമ്പിൽ ഓതിക്കേൾപ്പിച്ചത്. അത് അവതരിപ്പിച്ചത് സർവശക്തനായ സർവലോക സ്രഷ്ടാവാകുന്നു.

ഖുർആൻ ദൈവിക ഗ്രന്ഥമാണെന്ന അവകാശവാദത്തിന് എന്താണ് തെളിവ്?

***വേദഗ്രന്ഥം***

ഇന്നു നിലനിൽക്കുന്ന ഗ്രന്ഥങ്ങളിൽ ഖുർആൻ മാത്രമാണ് സ്വയം ദൈവികഗ്രന്ഥമെന്ന് അവകാശപ്പെടുന്നത്. ഖുർആൻ സ്വയം പരിചയപ്പെടുത്തുന്നത് ഇങ്ങനെയാണ്: 'നിശ്ചയം ഇത് ലോകരക്ഷിതാവ് അവതരിപ്പിച്ചതുതന്നെ. വിശ്വസ്താത്മാവ് നിൻെറ ഹൃദയത്തിൽ അതും കൊണ്ട് ഇറങ്ങിയിരിക്കുന്നു. നീ താക്കീത് നൽകുന്നവരുടെ കൂടെ യാവുന്നതിനുവേണ്ടി' (26:192-194).

അവതരിപ്പിക്കപ്പെട്ട രൂപത്തിൽ ഇന്നും നിലനിൽക്കുന്ന ഏകവേദഗ്രന്ഥം ഖുർആനാണ്. തുകൽ, കല്ല്, എല്ല് തുടങ്ങിയ വസ്തുക്കളിന്മേൽ മുഹമ്മദി(സ)ൻെറ കാലത്തുത

ന്നെ അത് പൂർണമായി എഴുതിവെച്ചിരിക്കുന്നു. രണ്ടു ചട്ടകൾക്കുള്ളിൽ അവ അടുക്കിവെച്ച് ക്രോഡീകരിക്കപ്പെട്ടത് ഒന്നാം ഖലീഫ അബൂബക്കറി(റ)ൻെറ കാലത്താണ്. മൂന്നാം ഖലീഫ ഉസ്മാൻ (റ) അതിൻെറ കോപ്പികളെടുത്ത് ഇസ്ലാമിക രാഷ്ട്രത്തിൻെറ പ്രവിശ്യാ തലസ്ഥാനങ്ങളിലേക്കെല്ലാം എത്തിച്ചുകൊടുത്തു. ഇതിൻെറ കോപ്പികൾ ഇന്നും ലഭ്യമാണ്. ഖുർആൻ അതിൻെറ ഒറിജിനൽ രൂപത്തിൽതന്നെ ലോകാവസാനം വരെ നിലനിൽക്കും, തീർച്ച. അങ്ങനെ നിലനിർത്തുമെന്ന സർവശക്തൻെറ പ്രഖ്യാപനം കാണുക: 'തീർച്ചയായും നാമാണ് ആ ഉദ്ബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്' (ഖുർആൻ 15:9).

***വൈരുദ്ധ്യങ്ങളില്ല***

വളരെ ബൃഹത്തും വിപുലവുമായ വിഷയങ്ങളാണ് ഖുർആൻ കൈകാര്യം ചെയ്യുന്നത്. സുദീർഘമായ ഇരുപത്തിമൂന്ന് വർഷങ്ങൾക്കിടയിൽ വിഭിന്നങ്ങളായ പരിതഃസ്ഥിതികളിൽ വെച്ചാണ് ഖുർആൻ അവതരിപ്പിക്കപ്പെട്ടുകൊണ്ടിരുന്നത്. എന്നിട്ടും അതിൽ വൈരുദ്ധ്യങ്ങളൊന്നും തന്നെയില്ല. ഖുർആൻ ദൈവിക ഗ്രന്ഥമാണെന്നതിനുള്ള മതിയായ തെളിവാണിത്. ഇക്കാര്യം ഖുർആൻതന്നെ വ്യക്തമാക്കുന്നുണ്ട്.

'അവർ ഖുർആനിനെപ്പറ്റി ചിന്തിക്കുന്നില്ലേ? അത് അ



ല്ലാഹുവല്ലാത്തവരുടെ പക്കൽനിന്നുള്ളതായിരുന്നുവെങ്കിൽ അവരതിൽ ധാരാളം വൈരുദ്ധ്യം കണ്ടെത്തുമായിരുന്നു' (ഖുർആൻ 4:82).

***ധാർമിക നിയമങ്ങൾ***

ഖുർആനിലുള്ള ധാർമിക നിയമങ്ങൾ ഏതൊരു സമൂഹത്തിലും പ്രയോഗിക്കുവാൻ പറ്റുന്നതും അതു വിഭാവനം ചെയ്യുന്ന സാന്മാർഗിക സംവിധാനം കിടയറ്റതുമാണ്. വ്യക്തിജീവിതത്തിലോ കുടുംബജീവിതത്തിലോ സാമൂഹിക ജീവിതത്തിലോ രാഷ്ട്രീയജീവിതത്തിലോ ഏതിലായിരുന്നാലും ഖുർആൻ മുന്നോട്ടുവെക്കുന്ന വിധിവിലക്കുകൾ അനുസരിക്കുന്നത് നന്മക്കും പുരോഗതിക്കും മാത്രമേ നിമിത്തമാകൂ. സൂക്ഷ്മജ്ഞർക്ക് മാർഗദർശകമാകുന്ന ഗ്രന്ഥമായിട്ടാണ് ഖുർആൻ സ്വയം പരിചയപ്പെടുത്തുന്നത്. 'ഇതാണ് ഗ്രന്ഥം. അതിൽ സംശയമേതുമില്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് നേർവഴി കാണിക്കുന്നതത്രേ അത്' (2:2)

***പ്രായോഗികത***

ഖുർആനിൻെറ അവതരണത്തിന് മുമ്പും പിമ്പുമുണ്ടായിരുന്ന അറേബ്യൻ സമൂഹത്തെക്കുറിച്ച് പഠിച്ചാൽതന്നെ ഖുർആൻ എത്രത്തോളം പ്രായോഗികമാണെന്നും അതു സൃഷ്ടിച്ച വിപ്ലവം എത്രത്തോളം മഹത്തരമാണെന്നും നമുക്ക് മനസ്സിലാവും. രാഷ്ട്രീയവും സൈനികവുമായി അസംഘടിതരായിരുന്ന, നിയതമായ കൃഷി സൗകര്യങ്ങളൊ

ന്നുമില്ലാത്തതിനാൽ കാർഷികമായി പിന്നോക്കംനിന്നിരുന്ന, വിദ്യാഭ്യാസ രംഗത്ത് വട്ടപ്പൂജ്യം മാത്രമായിരുന്ന, ചികിൽ സാരംഗത്ത് ഒന്നുമില്ലായിരുന്ന, അന്ധവിശ്വാസങ്ങൾ സൃഷ് ടിച്ച അധമത്വം പേറിക്കൊണ്ടിരുന്ന, മദ്യത്തിലും മദിരാക്ഷി യിലും മയങ്ങിക്കിടന്നിരുന്ന, ഗോത്രമഹിമയുടെ പേരിൽ ചോ രക്കളംതന്നെ പടക്കാൻ തയാറായ ഒരു സമൂഹം -ഇതാ ണ് ഖുർആനിനു മുമ്പുള്ള അറേബ്യയുടെ ചിത്രം. ഖുർ ആനിൻെറ അവതരണത്തിനുശേഷമുള്ള അറേബ്യയുടെ ചിത്രം ഇതിൽനിന്ന് വളരെ വ്യത്യസ്തമാണ്. സംസ്കാര ങ്ങളെ വെല്ലുന്ന ഒരു പുതിയ സംസ്കാരത്തിൻെറ വാഹ കരെയാണ്നമുക്ക് അവിടെ കാണാൻ കഴിയുന്നത്. ശാ സ്ത്ര സാങ്കേതിക രംഗങ്ങളിൽ അന്നത്തെ അതികായന്മാ രായ ഗ്രീക്കുകാരേക്കാൾ ആ രംഗത്ത് ഉയർന്നുനിൽക്കാന വർക്ക് കഴിഞ്ഞു. അലക്സാണ്ട്രിയയെക്കാൾ വലിയ സാം സ്കാരിക കേന്ദ്രമായി അറേബ്യയെ മാറ്റിയെടുക്കാനവർ ക്ക് സാധിച്ചു. നൂറ്റാണ്ടുകളുടെ രാഷ്ട്രീയ നായകത്വമുണ്ടാ യിരുന്ന റോമിനെയും പേർഷ്യയെയും അവർ വിറപ്പിച്ചു. ഗോത്രകലഹങ്ങളിൽ തമ്മിൽതല്ലി തകർന്നിരുന്ന അവർ ഐ ക്യത്തിൻെറ പതാകവാഹകരായി മാറി. ധർമവും അധർമ വുമെന്താണെന്നറിയാതിരുന്ന അവർ ധാർമികതത്ത്വങ്ങളു ടെ പ്രചാരകരായി മാറി. ഇതായിരുന്നു ഖുർആൻ സൃഷ്ടി ച്ച മഹത്തായ വിപ്ലവം. സാംസ്കാരിക രംഗത്ത് വട്ടപ്പൂജ്യ



മായിരുന്ന ഒരു ജനതയെ വെറും ഇരുപത്തിമൂന്ന് വർഷ ങ്ങൾ കൊണ്ട് സംസ്കാരത്തിൻെറ പരമോന്നത ശീർഷത്തി ലെത്തിക്കാൻ കഴിഞ്ഞ ഖുർആനിന് തുല്യമായി ലോകത്തെ പരിവർത്തിപ്പിക്കാൻ സാധിച്ച മറ്റൊരു ഗ്രന്ഥം മാനവ ചരി ത്രത്തിലെവിടെയെങ്കിലുമുണ്ടായിട്ടുണ്ടോ? ഇല്ലയെന്നാണു ത്തരം. ഖുർആനിനേക്കാൾ പ്രായോഗികമായ മറ്റൊരു ഗ്ര ന്ഥവുമില്ലെന്നതാണ് വാസ്തവം.

***സാഹിത്യം***

കേൾക്കുന്നവൻെറ ബുദ്ധിക്ക് തൃപ്തിയും മനസ്സിന് സ മാധാനവും ലഭ്യമാവുന്നതോടൊപ്പം അവൻെറ ഹൃദയത്തിൽ മാറ്റങ്ങൾ സൃഷ്ടിക്കുകകൂടി ചെയ്യുന്നതാണ് യഥാർഥ സാ ഹിത്യം. ഈ അർഥത്തിൽ ഖുർആൻ ഒരു കുറ്റമറ്റ സാഹി ത്യകൃതിയാണെന്ന് പറയാം. ഖുർആൻ എത്രത്തോളം മനു ഷ്യമനസ്സുകളെ സ്വാധീനിച്ചിരുന്നുവെന്നതിന് ഒരു ഉദാഹ രണം: മുഹമ്മദ് (സ) ഒരിക്കൽ കഅ്ബയുടെ സമീപം വെ ച്ച് ഖുർആൻ ഓതുകയാണ്. ശ്രോതാക്കളിൽ മുസ്ലിംക ളും അമുസ്ലിംകളുമെല്ലാം ഉണ്ട്. സൂറത്തുന്നജ്മിലെ സാഷ് ടാംഗത്തിൻെറ സൂക്തം ഓതിക്കൊണ്ടിരിക്കെ അല്ലാഹുവി ൻെറ കൽപന പ്രകാരം നബി (സ) സാഷ്ടാംഗം നമിച്ചു. അപ്പോൾ അബൂജഹ്ൽ എന്ന അഹങ്കാരി ഒഴികെ മറ്റെല്ലാ വരും -മുസ്ലിംകളും അമുസ്ലിംകളുമെല്ലാം-സാഷ്ടാംഗം നമിച്ചുപോയി. അതാണ് ഖുർആനിൻെറ സ്വാധീനശക്തി.

കഠിനവിരോധികൾ പോലും അതിന്റെ കൽപന അനുസരിച്ചു തല കുനിക്കുന്ന അവസ്ഥയുണ്ടാവുക! മനുഷ്യമനസ്സിനെ സ്വാധീനിക്കുവാൻ ദിവ്യവചനങ്ങൾക്കുള്ള കഴിവ്!

***പ്രവചനങ്ങൾ***

ഖുർആൻ നടത്തിയ പ്രവചനങ്ങളെല്ലാം അക്ഷരംപ്രതി പുലർന്നിട്ടുണ്ട്. ഒരു ഉദാഹരണം: മുഹമ്മദിന്റെ (സ) കാലത്ത്, അറേബ്യൻ അർധദ്വീപിന്റെ ചില ഭാഗങ്ങളിൽ റോമാക്കാരും പേർഷ്യക്കാരും തമ്മിൽ ആധിപത്യത്തിനുവേണ്ടിയുള്ള പോരാട്ടം നടക്കുകയായിരുന്നു. ഹിജ്റ അഞ്ചാം വർഷത്തിൽ നടന്ന അതിഘോരമായ യുദ്ധത്തിൽ റോമാക്കാർ പരാജയപ്പെട്ടു. ഇനിയൊരു തിരിച്ചുവരവ് അസാധ്യമാണെന്ന് തോന്നിപ്പിക്കുമാറ് അതിദയനീയമായിരുന്നു തോൽവി. ഈ അവസരത്തിൽ ഖുർആൻ ഇങ്ങനെ പ്രവചിച്ചു:

'അടുത്ത നാട്ടിൽ വെച്ച് റോമാക്കാർ തോൽപിക്കപ്പെട്ടിരിക്കുന്നു. തങ്ങളുടെ പരാജയത്തിനുശേഷം ഏതാനും വർഷങ്ങൾക്കുള്ളിൽതന്നെ അവർ വിജയം നേടുന്നതാണ്" (30: 2-4) ഈ പ്രവചനം തെറ്റിയില്ല. ആറു വർഷങ്ങൾ തികയുന്നതിനു മുമ്പ് റോമാക്കാർ പേർഷ്യക്കാരെ പരാജയപ്പെടുത്തി. ഇങ്ങനെ എത്രയെത്ര പ്രവചനങ്ങൾ! ഖുർആനിന്റെ പൂർത്തീകരിക്കപ്പെട്ട പ്രവചനങ്ങൾ അത് സർവകാലജ്ഞാനിയായ പടച്ചതമ്പുരാന്റേതാണെന്ന വസ്തുത വെളിപ്പെടുത്തുന്നു.



***ശാസ്ത്രീയത***

വാനശാസ്ത്രത്തിലോ ഭൂമി ശാസ്ത്രത്തിലോ സമുദ്രശാസ്ത്രത്തിലോ ഒന്നും അടിസ്ഥാനജ്ഞാനം പോലുമില്ലാതിരുന്ന കാലത്ത് അവതരിപ്പിക്കപ്പെട്ട ഖുർആനിലെ വചനങ്ങൾ പ്രസ്തുത ശാസ്ത്രശാഖകളിലെ പുതിയ കണ്ടുപിടിത്തങ്ങളുമായി പൂർണമായും യോജിക്കുന്നുവെന്ന വസ്തുത അത് ദൈവിക ഗ്രന്ഥമാണെന്ന് ഒന്നുകൂടി വ്യക്തമാക്കുന്നു.

ഭ്രൂണ പരിണാമത്തെക്കുറിച്ച ഖുർആനിക പരാമർശങ്ങൾ ഉദാഹരണമായെടുക്കുക. താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധിക്കുക:

K സ്രവിക്കപ്പെടുന്ന ശുക്ലത്തിലെ ലക്ഷക്കണക്കിന് ബീജങ്ങളിൽ ഒരെണ്ണം മാത്രമാണ് അണ്ഡവുമായി ചേർന്ന് ഭ്രൂണമായിത്തീരുന്നതെന്ന് ഇന്ന് നമുക്കറിയാം. മൈക്രോസ്കോപ്പിന്റെ കണ്ടുപിടിത്തത്തിന് മുമ്പ് ശുക്ലസ്രാവം മൊത്തമായി ഘനീഭവിച്ചാണ് കുഞ്ഞുണ്ടാവുന്നതെന്നായിരുന്നു പൊതുവായ വിശ്വാസം. എന്നാൽ ശുക്ലസ്രാവത്തിലെ ഒരു ചെറിയ അംശത്തിൽനിന്നാണ് മനുഷ്യസൃഷ്ടിയുടെ പ്രാരംഭമെന്ന വസ്തുത പതിനാലു നൂറ്റാണ്ടുകൾക്ക് മുമ്പ്അവതരിച്ച ഖുർആൻ സൂക്തങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. 'അവൻ സ്രവിക്കപ്പെടുന്ന ശുക്ലത്തിൽനിന്നുള്ള ഒരു കണമായിരുന്നില്ലേ?' (ഖുർആൻ 75:37).

K പുരുഷബീജം അണ്ഡവുമായി കൂടിച്ചേരുമ്പോഴാണ് ഭ്രൂണം ഉണ്ടാവുന്നതെന്ന് നമുക്കറിയാം. എന്നാൽ, പുരുഷബീജത്തിനകത്ത് ഒരു കൊച്ചു കുഞ്ഞ് ഒളിഞ്ഞിരിപ്പുണ്ടെന്നും അമ്മയുടെ ഗർഭാശയം ആ കുഞ്ഞിന് വളരാനുള്ള ഇടമൊരുക്കുക മാത്രമേ ചെയ്യുന്നുള്ളൂവെന്നുമായിരുന്നു പതിനെട്ടാം നൂറ്റാണ്ടുവരെ നിലനിന്നിരുന്ന വിശ്വാസം. ഇതിൽനിന്ന് വ്യത്യസ്തമായി കൂടിച്ചേർന്നുണ്ടായ ബീജത്തിൽനിന്നാണ് മനുഷ്യസൃഷ്ടി നടക്കുന്നതെന്നാണ് ഖുർആൻ വ്യക്തമാക്കുന്നത്. 'കൂടിച്ചേർന്നുണ്ടായ ഒരു ബീജത്തിൽനിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു' (ഖുർആൻ 78:2).

K ഭ്രൂണത്തിന്റെ വ്യത്യസ്ത ഘട്ടങ്ങളെക്കുറിക്കുന്ന ഖുർആൻ വാക്യത്തിന്റെ സാരം ഇങ്ങനെയാണ്:

'തീർച്ചയായും മനുഷ്യനെ നാം കളിമണ്ണിന്റെ സത്തിൽനിന്ന് സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് ഒരു ബീജമായിക്കൊണ്ട് അവനെ നാം ഭദ്രമായ ഒരു സ്ഥാനത്തുവെച്ചു. പിന്നെ ആ ബീജത്തെ നാം 'അലഖ'യായി രൂപപ്പെടുത്തി. തുടർന്ന് നാം ആ 'അലഖ'യെ 'മുദ്അ'യായി രൂപപ്പെടുത്തി. എന്നിട്ട് ആ 'മുദ്അ'യെ അസ്ഥികൂടമായി രൂപപ്പെടുത്തി. എന്നിട്ട് ആ അസ്ഥികൂടത്തെ മാംസം കൊണ്ട് പൊതിഞ്ഞു. പിന്നീട് മറ്റൊരു സൃഷ്ടിയായി നാം അവനെ വളർത്തിയെടുത്തു. അപ്പോൾ ഏറ്റവും നല്ല സൃഷ്ടികർത്താവായ അല്ലാഹു അനുഗ്രഹപൂർണനായിരിക്കുന്നു' (ഖുർആൻ 23:12-14)
.



ഭ്രൂണത്തിന്റെ ഘട്ടങ്ങളായി ഖുർആനിൽ വിവരിക്കപ്പെട്ടിരിക്കുന്ന എല്ലാ അവസ്ഥകളും മനുഷ്യഭ്രൂണത്തിന്റെ വളർച്ചയിൽ കഴിഞ്ഞുപോകുന്നുവെന്നാണ് ആധുനിക പഠനങ്ങൾ വ്യക്തമാക്കുന്നത്.

***1. അലഖ്***

ഈ പദത്തിന് 'എന്തെങ്കിലും ഒട്ടിപ്പിടിക്കുകയോ പറ്റിച്ചേരുകയോ ചെയ്യുന്നത്' എന്നാണ് അർഥം. ഗർഭാശയത്തിലെ ഭ്രൂണത്തിന്റെ ആദ്യത്തെ അവസ്ഥയെ കുറിക്കുന്ന പദമാണിത്. ബീജസങ്കലനം നടന്ന് ഏഴാമത്തെ ദിവസം ഭ്രൂണം ഗർഭാശയത്തിന്റെ ആന്തരപാളിയായ എൻഡ്രോമെട്രിയത്തിൽ പറ്റിപ്പിടിക്കും. ഇങ്ങനെ പറ്റിപ്പിടിച്ച് വളരാനാരംഭിക്കുന്ന ഭ്രൂണത്തെ കണ്ടാൽ ഗർഭാശയത്തിൽ പറ്റിപ്പിടിച്ച ഒരു അട്ടയാണെന്ന് തോന്നും. അലഖ് എന്ന പദത്തിന് നീരട്ടയെന്നും അർഥമുണ്ട്. (പറ്റിപ്പിടിക്കുന്ന നീരട്ടയുടെ സ്വഭാവത്തിൽനിന്നാണ് ഈ പേര് ലഭിച്ചിരിക്കുന്നത്) ഭ്രൂണത്തിന്റെ ആദ്യാവസ്ഥയെ കുറിക്കാൻ ഖുർആൻ ഉപയോഗിച്ച പദം -അലഖ് -കൃത്യമാണെന്നർഥം.

***2. മുദ്അ***

'ചവച്ചരയ്ക്കപ്പെട്ടത്' എന്നാണ് ഈ പദത്തിനർഥം. 27 ദിവസം പ്രായമായ ഭ്രൂണത്തെ കണ്ടാൽ അത് ചവച്ചുതുപ്പി

യ ഒരു മാംസക്കഷ്ണമാണെന്നേ തോന്നു. ചവച്ചുതുപ്പിയ തുപോലെ തോന്നിക്കുന്ന പല്ലടയാളങ്ങൾ പോലും അതി ന്മേൽ ഉണ്ടായിരിക്കും. 'അലഖ'യിൽനിന്ന് 'മുദ്അ'യായി രൂ പപ്പെടുത്തിയെന്ന ഖുർആനിക പരാമർശം സത്യസന്ധമാ ണെന്ന വസ്തുത ഇവിടെ അനാവൃതമാവുന്നു.

*3. അസ്ഥി*

ചവച്ചരയ്ക്കപ്പെട്ട മാംസപിണ്ഡംപോലെ തോന്നിച്ചിരു ന്ന ഭ്രൂണത്തിൽനിന്ന് അഞ്ച് ആഴ്ച പ്രായമായാൽ അസ് ഥികൾ രൂപപ്പെടാനാരംഭിക്കും. 'മുദ്അയിൽനിന്ന് അസ്ഥി കൂടം രൂപപ്പെടുത്തി'യെന്ന ഖുർആൻ വചനം എത്ര ശരി!

*4. പേശികൾ*

അസ്ഥികൾ രൂപപ്പെട്ട് അതിൽ മാംസപേശികൾ പൊ തുയുന്നതോടെയാണ് രൂപം തെളിഞ്ഞ ശിശുവായിത്തീരു ന്നത്. 'എന്നിട്ട് അസ്ഥികൂടത്തെ മാംസം കൊണ്ടു പൊതി ഞ്ഞു. പിന്നീട് മറ്റൊരു സൃഷ്ടിയായി നാം അവനെ വളർ ത്തിയെടുത്തു'വെന്ന ഖുർആനിക പരാമർശത്തിൻെറ സ ത്യത ഇവിടെയും നമുക്ക് ബോധ്യമാവുന്നു.

K ഭ്രൂണത്തിൻെറ വളർച്ച നടക്കുന്നത് ഗർഭാശയത്തിന കത്ത് വെച്ചാണല്ലോ. മൂന്ന് ആവരണങ്ങളാണ് അമ്മയുടെ വയറിനുള്ളത്. ഒന്ന്, അടിവയറിൻെറ ഭിത്തി. രണ്ട്, ഗർഭാ ശയഭിത്തി. മൂന്ന്, ഗർഭാശയത്തിനകത്തെ ആംനിയോൺ കോറിയോൺ പാട. ഭ്രൂണത്തെ വെളിച്ചത്തിൽനിന്ന് സംര



ക്ഷിക്കുകയെന്ന മർമപ്രധാനമായ ധർമം നിർവഹിക്കുന്ന ഈ ആവരണങ്ങളെ ഇരുട്ടുകൾ എന്നു വിളിക്കുന്നതിൽ യാതൊ രു അസാംഗത്യവുമില്ല. മൂന്ന് ഇരുട്ടുകൾക്കകത്തുവെച്ചാണ് ഭ്രൂണവളർച്ച നടക്കുന്നതെന്ന വസ്തുത ഖുർആൻ വ്യക്ത മാക്കിയിട്ടുണ്ട്.

'നിങ്ങളുടെ മാതാക്കളുടെ വയറുകളിൽ മൂന്നുതരം ഇ രുട്ടുകൾക്കുള്ളിലായി സൃഷ്ടിയുടെ ഒരു ഘട്ടത്തിനു ശേ ഷം മറ്റൊരു ഘട്ടമായിക്കൊണ്ട് നിങ്ങളെ അവൻ സൃഷ്ടി ക്കുന്നു' (ഖുർആൻ 39:6).

ഇതുപോലെതന്നെ, വാനലോകത്തെയും സമുദ്രത്തെയും ഭൂമിയെയുമെല്ലാം കുറിച്ച് ഒട്ടനവധി ഖുർആനിക പ്രസ്താ വനകളുണ്ട്. ആധുനിക ശാസ്ത്രീയ നിഗമനങ്ങൾ ഈ പ്ര സ്താവനകൾ നൂറുശതമാനം സത്യസന്ധമാണെന്നതിന് സാക്ഷ്യം നിൽക്കുന്നു. ഇത് വ്യക്തമാക്കുന്നതെന്താണ്? ത്രി ലോകജ്ഞാനിയായ സർവശക്തന് വിശുദ്ധ ഖുർആൻ അവതരിപ്പിച്ചതെന്ന യാഥാർഥ്യമല്ലാതെ മറ്റൊന്നുമല്ല.

*വെല്ലുവിളി*

അറബി സാഹിത്യത്തിലെ അതികായന്മാരായിരുന്ന ആ ളുകളുടെ ഇടയിലേക്കാണ് ഖുർആൻ അവതരിപ്പിക്കപ്പെട്ട ത്. കവികളിൽ പലരും ഇസ്ലാമിൻെറ ശത്രുപക്ഷത്തായി രുന്നു. ഖുർആനിൻെറ ദിവ്യത്വത്തിൽ സംശയം പ്രകടിപ്പിച്ച വരോട് അത് ഒരു വെല്ലുവിളി നടത്തി. അതിങ്ങനെയാണ്

:'നമ്മുടെ ദാസന് നാം അവതരിപ്പിച്ചുകൊടുത്തതിനെപ്പറ്റി നിങ്ങൾ സംശയാലുക്കളാണെങ്കിൽ അതിൻേറതുപോലെയുള്ള ഒരു അധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക. അല്ലാഹുവിനു പുറമെ നിങ്ങൾക്കുള്ള സഹായികളെയും വിളിച്ചുകൊള്ളുക. നിങ്ങൾ സത്യവാന്മാരാണെങ്കിൽ' (ഖുർആൻ 2:23).

ഖുർആനിലെ ചെറിയൊരു അധ്യായത്തിന് തുല്യമായ ഒരു അധ്യായം കൊണ്ടുവന്ന് അതിൻെറ വെല്ലുവിളിക്ക് മറുപടി നൽകാൻ അന്നത്തെ സാഹിത്യത്തമ്പുരാക്കന്മാർക്കൊന്നും കഴിഞ്ഞിട്ടില്ല. ഇന്നും ആ വെല്ലുവിളി നിലനിൽക്കുന്നു. ഖുർആനിലെ ചൈതന്യവത്തും ആശയസമ്പുഷ്ടവും ജ്ഞാനനിബിഢവുമായ ഒരധ്യായത്തിന് തുല്യമായ ഒരു രചന കൊണ്ടുവരാൻ ആർക്കെങ്കിലും സാധിക്കുമോയെന്ന വെല്ലുവിളി. അതിന് ഉത്തരം നൽകാൻ മനുഷ്യർക്ക് കഴിയില്ലെന്ന് ഇന്നു നമുക്കറിയാം. മനുഷ്യൻെറ അറിവിനും കഴിവിനും പരിമിതികളുണ്ടെന്ന വസ്തുതയുടെ വെളിച്ചത്തിൽ ത്രികാലജ്ഞാനിയായ തമ്പുരാന് മാത്രമേ ഖുർആനിനു തുല്യമായ ഒരു രചന അവതരിപ്പിക്കാൻ കഴിയൂവെന്ന് നാം മനസ്സിലാക്കുന്നു. സ്ഥലകാലങ്ങൾക്ക് അതീതനായവനു മാത്രമേ ഖുർആനിലേതിന് തുല്യമായ ഒരു അധ്യായം പോലും കൊണ്ടുവരാനാകൂ, തീർച്ച!

സുഹൃത്തേ,



താങ്കൾ ഖുർആൻ വായിച്ചുവോ? ഖുർആനിൻെറ സാഹിത്യഭംഗിയും ആശയ ഗാംഭീര്യവും മനസ്സിലാക്കണമെങ്കിൽ അറബി ഭാഷയിലൂടെതന്നെ അത് മനസ്സിലാക്കണം. എങ്കിലും അത് പഠിപ്പിക്കുന്ന ആദർശങ്ങളെയും പ്രദാനം ചെയ്യുന്ന സാന്മാർഗിക സംവിധാനത്തെയും കുറിച്ചു മനസ്സിലാക്കുവാൻ ഖുർആൻ പരിഭാഷകളിൽനിന്നു സാധിക്കും. ഒരുവിധം എല്ലാ ഭാഷകളിലും ഖുർആൻ പരിഭാഷകളുണ്ട്. നിങ്ങൾക്ക് അത് വായിക്കാൻ അവസരം ലഭിച്ചിട്ടില്ലെങ്കിൽ ഇന്നുതന്നെ അതിന് തയാറാവുക. സമയം അമൂല്യമാണെന്നോർക്കുക. അതു പാഴാക്കിക്കളയാതെ സർവശക്തൻ നമ്മുടെ മോചനത്തിനുവേണ്ടി അവതരിപ്പിച്ച ഗ്രന്ഥവുമായി അടുക്കുവാൻ ശ്രമിക്കുക. ഖുർആൻ പഠിക്കുക; പിൻപറ്റുക.

പടച്ചതമ്പുരാൻ നമ്മെ അനുഗ്രഹിക്കട്ടെ.

കൂടുതൽ പഠിക്കാൻ
നിച്ച് ഓഫ് ട്രൂത്തുമായി ബന്ധപ്പെടുക

**NICHE OF TRUTH**
**Kalabhavan Road, Cochin- 18.**
**Ph: 367810.**
**Fax: 91-484-380746.**
**Email: islam@nicheoftruth.org**
**website:www.nicheoftruth.org.**


# നിങ്ങൾ ഈ ഗ്രന്ഥം വായിച്ചുവോ ?



**NICHE OF TRUTH**